പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2108 — 22.01.2014-ൽ മറുപടിക്ക്.

## പോലീസ് ക്യാന്റീനിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസ് ക്യാന്റീനിൽ അംഗത്വം എടുത്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്; അംഗത്വം എടുക്കുന്നതിന് എത്ര തുകയാണ് ഓരോരുത്തരിൽ നിന്നും ഈടാക്കുന്നത്; ഈ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം നൽകുമോ; | : എ) സംസ്ഥാനത്ത് പോലീസ് ക്യാന്റീനിൽ അംഗത്വം എടുത്തിട്ടുള്ളവർ 63322 പേരാണ്. ഇവരിൽ ഓരോ അംഗത്തിൽ നിന്നും രണ്ടായിരം രൂപ പലിശയില്ലാതെ മടക്കി നൽകുന്ന അഡ്വാൻസായും, 150 രൂപ സ്മാർട്ട് കാർഡ് ഫീയായും ആകെ 2150 രൂപ (രണ്ടായിരത്തി ഒരുനൂറ്റി അൻപത് രൂപ) ഈടാക്കിവരുന്നുണ്ട്. ഈ തുക ക്യാന്റീൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| ബി) ക്യാന്റീനിലുള്ള സ്റ്റോക്ക് ഐറ്റം ഡിസ്പ്ലേ ശരിയായ രീതിയിലല്ല പ്രദർശിപ്പിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പത്തനംതിട്ട ജില്ലയിലെ പോലീസ് ക്യാന്റീൻ അടൂരിൽ നിന്നും അഞ്ച് കിലോമീറ്റർ അകലത്തിൽ പൊതുവാഹന സൗകര്യമില്ലാത്ത സ്ഥലത്താകയാൽ പൊതു വാഹന സൗകര്യമുള്ള അടൂർ ടൗണിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പത്തനംതിട്ട നഗരത്തിൽ ജില്ലാ പോലീസ് ആസ്ഥാനത്തിന് സമീപം സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിന്റെ ബ്രാഞ്ച് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. കെട്ടിടം പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് പ്രസ്തുത ബ്രാഞ്ച് പ്രവർത്തനം ആരംഭിയ്ക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. ടി ക്യാന്റീൻ അടൂർ ൦ൗണിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ